**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2793** **06-10-2025 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ടിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. യു. ആർ. പ്രദീപ്</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു വർഷം ഏതു മാസം വരെ ലഭിച്ച അപേക്ഷകളാണ് ഇതുവരെ തീർപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>ഉണ്ട്. നാളിതു വരെ തീർപ്പാക്കിയ അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>ജില്ല</th><th>വർഷം, മാസം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>2025 ഏപ്രിൽ</td></tr>
<tr><td>2</td><td>കൊല്ലം</td><td>2025 ജൂൺ</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>2025 മാർച്ച്</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>2025 മാർച്ച്</td></tr>
<tr><td>5</td><td>കോട്ടയം</td><td>2024 ഡിസംബർ</td></tr>
<tr><td>6</td><td>ഇടുക്കി</td><td>2024 ഡിസംബർ</td></tr>
<tr><td>7</td><td>എറണാകുളം</td><td>2024 ജൂൺ</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>2024 ഡിസംബർ</td></tr>
<tr><td>9</td><td>പാലക്കാട്</td><td>2024 ഡിസംബർ</td></tr>
<tr><td>10</td><td>മലപ്പുറം</td><td>2024 ഡിസംബർ</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>2024 നവംബർ</td></tr>
<tr><td>12</td><td>വയനാട്</td><td>2025 ഫെബ്രുവരി</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>2024 ഒക്ടോബർ</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>2025 ജനുവരി</td></tr>
</table></td></tr>
<tr><td>(ബി)</td><td>നിലവിൽ എത്ര അപേക്ഷകളിൽ ഇനിയും തീർപ്പുകല്പിക്കാനുണ്ട്; അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?</td><td>(ബി)</td><td>ന്യൂനത പരിഹരിച്ചു ലഭിക്കാനുള്ള 8584 അപേക്ഷകൾ ഉൾപ്പടെ ആകെ 23,182 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിലേയ്ക്കായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(I) റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ സ്വീകരിക്കുന്നതു മുതൽ ധനസഹായം അനുവദിക്കുന്നതു വരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനം</td></tr>
</table>

| | | | |
|---|---|---|---|
| | | | ആക്കുന്നതിനുള്ള പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(ii) അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കുന്നതിലേയ്ക്കായി ചെക്ക് ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ/കൺകറണ്ട് ആഡിറ്റർ/അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ആഫീസർമാർ എന്നിവർക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>(iii) എല്ലാ ജില്ലകളിലും ന്യൂനത പരിഹരണ അദാലത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ